**രജിസ്ട്രേഷൻ വകുപ്പ്**
**കേരള രജിസ്ട്രേഷൻ ഇൻസ്‌പെക്ടർ ജനറലിന്റെ നടപടിക്രമം**
**(ഹാജർ; ശ്രീ എ അലക്സാണ്ടർ, ഐ.എ.എസ്)**

വിഷയം:- രജിസ്ട്രേഷൻ വകുപ്പ് - റിവ്യൂ അന്റ് റിഫോംസ് - ഓഡിറ്റ് റിമാർക്കിന്മേൽ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ നൽകിയ ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ അപേക്ഷ- ഉത്തരവാകുന്നത് സംബന്ധിച്ച്

സൂചന:- 1)തൃശ്ശൂർ ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്)ന്റെ ചേലക്കര സബ് രജിസ്ട്രാർ ഓഫീസിലെ AR 22/16 നമ്പർ ഓഡിറ്റ് റിപ്പോർട്ട്

2)ഉത്തര മദ്ധ്യമേഖല രജിസ്ട്രേഷൻ ഡി ഐ ജിയുടെ 12.07.17 ലെ DIG(2) 51/17 നമ്പർ ഉത്തരവ്

3)ശ്രീമതി ബി ബി നഗീന ഉചിത മാർഗ്ഗേന സമർപ്പിച്ച അപ്പീൽ അപേക്ഷ

**<u>ഉത്തരവ് നമ്പർ RR(2)2460/18 തിരുവനന്തപുരം തീയതി:28/10/2019</u>**

സൂചന (1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പാർട്ട് എ ഇനം (8) ന് ഉത്തര മേഖല ഡി ഐ ജി സൂചന (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിനെതിരെ ടി റിമാർക്കുമായി ബന്ധപ്പെട്ട ഹെഡ്ക്ലാർക്ക് ശ്രീമതി നഗീന ഉചിത മാർഗ്ഗേന അപ്പീൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

റിമാർക്കിനാസ്പദമായ 1866/15 നമ്പർ ആധാരം സഹോദരങ്ങളായ മൂന്ന് പേർ കക്ഷിയായി എഴുതിക്കൊടുക്കുന്ന ഒരു കൂട്ടവകാശ ഒഴികുറി ആധാരമാണ്. റിമാർക്കിനാസ്പദമായ ആധാരത്തിൽ എഴുതിക്കൊടുക്കുന്ന ആളുടെ ഓഹരി അവകാശം എത്രയാണ് എന്ന് വ്യക്തമായി പ്രസ്താവിച്ചിട്ടില്ല. ആയതിനാൽ മുഴുവൻ തുകയും കണക്കിലെടുത്ത് മുദ്രവിലയും ഫീസും ഈടാക്കേണ്ടതാണ് എന്നാണ് റിമാർക്ക് .

ജില്ലാ രജിസ്ട്രാറുടേയും ഡി ഐ ജിയുടേയും പുനരഭിപ്രായം പരിശോധിച്ചതിൽ ആധാരത്തിൽ എഴുതിക്കൊടുക്കുന്ന ആളുടെ ഓഹരി അവകാശം എത്രയാണ് എന്നത് വ്യക്താമായി പ്രസ്താവിച്ചിട്ടില്ല. അതുമൂലം അവകാശത്തിന് ആനുപാതികമായ ഫെയർവാല്യു കണക്കാക്കി മുദ്രയും ഫീസും നിർണ്ണയിക്കുവാൻ സാദ്ധ്യമല്ല. കക്ഷികളുടെ ഓഹരിയവകാശം വ്യക്തമായി പ്രസ്താവിക്കാത്ത സാഹചര്യത്തിൽ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ അവകാശം സ്വയം കണക്കാക്കി മുദ്രയും ഫീസും കണക്കാക്കുന്ന രീതി ആശാസ്യകരമല്ല . കക്ഷികളുടെ ഓഹരി അവകാശം വ്യക്തമായി പ്രതിപാദിക്കാത്തതിനാൽ മൊത്തം വസ്തുവിന്റെ ന്യായവില കണക്കാക്കി മുദ്രയും ഫീസും ഈടാക്കേണ്ടാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

റിമാർക്കിനാസ്പദമായ ആധാരം രജിസ്റ്ററാക്കിയ സബ് രജിസ്ട്രാറുടെ വിശദീകരണം പരിശോധിച്ചതിൽ റിമാർക്ക് ആധാരത്തിൽ മേൽപറഞ്ഞ വസ്തുവകകളിൽ നിയമാനുസരണം

എനിക്കുള്ള അവകാശത്തെ കൂട്ടവകാശിയായ നിങ്ങൾക്ക് വിട്ടൊഴിഞ്ഞ് യഥാർത്ഥ കൈവശം തന്ന് പ്രതിഫലം നിശ്ചയിച്ച 270000 രൂപയും ഇന്നേദിവസം രൊക്കം പറ്റി ബോദ്ധ്യപ്പെട്ടിരിക്കുന്നു എന്ന് പ്രസ്താവിച്ചിട്ടുള്ളതിനാൽ ബേബി വത്സല, ചന്ദ്രിക, സേതുമാധവൻ എന്നിവർക്ക് കൂട്ടായി ലഭിച്ച വസ്തുവിൽ നിന്നും ബേബിവത്സലയ്ക്കു ലഭിച്ച 1/3 അവകാശമാണ് എഴുതിക്കൊടുക്കുന്നത് എന്ന് ആധാരത്തിൽ നിന്നും തന്നെ വ്യക്തമാണ് എന്നും 1956 ലെ ഹിന്ദു പിൻതുടർച്ചാവകാശ നിയമം വകുപ്പ് 15 അനുസരിച്ച് മരണപ്പെട്ടുപോകുന്ന സ്ത്രീയുടെ സ്വത്തിലുള്ള അവകാശം എല്ലാ മക്കൾക്കും തുല്യമായി ലഭിക്കും എന്ന നിഗമനത്തിലാണ് ആധാരം സ്വീകരിച്ച് രജിസ്റ്ററാക്കിയത് എന്നും ആയതിനാൽ അപ്പീൽ അനുവദിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

റിമാർക്കും ജില്ലാ രജിസ്ട്രാറുടേയും ഡി ഐ ജിയുടേയും പുനരഭിപ്രായവും സബ് രജിസ്ട്രാറുടെ വിശദീകരണവും റിമാർക്കിനാസ്പദമായ ആധാരവും വിശദമായി പരിശോധിച്ചതിൽ ടി 1866/15 നമ്പർ ആധാര പ്രകാരം മൂന്ന് സഹോദരങ്ങൾക്ക് കൂട്ടവകാശപ്പെട്ട വസ്തുവിൽ ഒരു സഹോദരിക്കുള്ള അവകാശം മറ്റ് രണ്ട് സഹോദരങ്ങളുടെ പേർക്ക് കൂട്ടവകാശ ഒഴികുറി ആധാരമായി എഴുതിക്കൊടുക്കുന്നു. ആധാരത്തിലെ വാചകങ്ങൾ പരിശോധിച്ചതിൽ എനിക്കും നിങ്ങൾക്കും കൂട്ടവകാശപ്പെട്ട വസ്തുവാണ് എന്നും മറ്റാരും തന്നെ അവകാശികളായി ഇല്ല എന്നും മേൽപ്രകാരമുള്ള വസ്തുവിൽ നിയമാനുസരണം എനിക്കുള്ള അവകാശത്തെ വിട്ടൊഴിഞ്ഞ്... എന്ന് പ്രസ്താവിച്ചിരിക്കുന്നു. ഇതിൽ നിന്നും ടി വസ്തുവിന് 3 പേരാണ് കൂട്ടവകാശികൾ എന്നും അതിൽ ആധാരം എഴുതിക്കൊടുക്കുന്ന ആൾക്ക് നിയമാനുസൃതം ലഭിക്കുവാൻ അർഹതയുള്ള 1/3 അവകാശമാണ് എഴുതിക്കൊടുത്തിരിക്കുന്നത് എന്നും കാണാവുന്നതാണ്. ആധാരത്തിന്റെ പട്ടികയിൽ 1/3 അവകാശം എന്ന് വ്യക്തമായി എഴുതേണ്ടിയിരുന്നത് തന്നെയാണ് അപ്രകാരം ആധാരത്തിൽ വിവരിക്കാത്തതിലൂടെ ആധാരത്തിലെ വ്യക്തത കുറയുമെന്നതല്ലാതെ അതുമൂലം സർക്കാരിന് റവന്യൂ നഷ്ടം ഉണ്ടായിട്ടില്ല എന്ന് കാണാവുന്നതാണ്. അതുകൊണ്ടുതന്നെ അപ്പീൽ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Signature Not Verified
Digitally signed by A ALEXANDER
Date: 2019.10.28 11:25:13 IST
Reason: Approved

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

പകർപ്പ്

1) ശ്രീമതി.ബി.ബി.നഗീന, ഹെഡ് ക്ലാർക്ക്, സബ് രജിസ്ട്രാർ ഓഫീസ് ഇരിങ്ങാലക്കുട ( തൃശ്ശൂർ ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) മുഖാന്തിരം)
2) ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) തൃശ്ശൂർ
3)രജിസ്ട്രേഷൻ ഡി ഐ ജി ഉത്തരമദ്ധ്യ മേഖല, തൃശ്ശൂർ
4) സബ് രജിസ്ട്രാർ ,ഇരിങ്ങാലക്കുട
5) ഫയൽ / സ്റ്റോക്ക് ഫയൽ